> ⇨ ഊരിന് ലഭിക്കുന്ന അവകാശത്തെക്കുറിച്ച് അറിയാനാണ് ഞങ്ങൾ താത്പര്യമെടുത്തത് ⇨

*വനാവകാശ നിയമത്തിന്റെ (2006) സാധ്യതകളെക്കുറിച്ച് വ്യക്തതയില്ലാതിരുന്ന കാലം കടന്നുപോവുകയാണ്. തൃശൂർ ജില്ലയിലെ വാഴച്ചാൽ വനമേഖലയിലുള്ള കാടർ ആദിവാസി ഊരുകൾക്ക് വനാവകാശ നിയമപ്രകാരമുള്ള എല്ലാ അവകാശങ്ങളും ലഭ്യമാവുകയും നിയമം പ്രധാനം ചെയ്യുന്ന സ്വയംഭരണാധികാരങ്ങൾ ഊരുക്കൂട്ടങ്ങൾ നിർവ്വഹിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നു. സാമൂഹിക വനവിഭവ മേഖലയുടെ സംരക്ഷണവും പരിപാലനവും നിയമപരമായ അധികാരങ്ങളോടെ ആദിവാസികളുടെ മുൻകൈയിൽ ആരംഭിച്ചിരിക്കുന്നു. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ നടക്കുന്ന ഈ പങ്കാളിത്ത ഭരണപ്രക്രിയ നമ്മുടെ ജനാധിപത്യ സംവിധാനത്തെ കൂടുതൽ വികസിതമാക്കുകയാണ്. വാഴച്ചാൽ മേഖലയിലെ മലക്കപ്പാറ ഊരുക്കൂട്ടം വനാവകാശ നിയമ പ്രകാരമുള്ള അധികാരങ്ങൾ നടപ്പിലാക്കിത്തുടങ്ങിയത് എങ്ങനെയെന്ന് വിശദീകരിക്കുകയാണ് മലക്കപ്പാറ ഊരുക്കൂട്ടം സെക്രട്ടറിയായ സെന്തിൽ. വനാവകാശ നിയമത്തിന്റെ സാധ്യതകളെന്തെന്ന ആലോചനകൾക്ക് ഇവരുടെ പ്രവർത്തനങ്ങൾ വ്യക്തമായ ഉത്തരങ്ങൾ തരുന്നുണ്ട്.*

# കാടർ കാടിന്റെ അവകാശികളായപ്പോൾ

തൃശൂർ ജില്ലയിലെ വാഴച്ചാൽ വനമേഖലയിലുള്ള കാടർ ആദിവാസി ഊരുകൾക്ക് വനാവകാശ നിയമപ്രകാരമുള്ള എല്ലാ അവകാശങ്ങളും ലഭ്യമാവുകയും നിയമം പ്രധാനം ചെയ്യുന്ന സ്വയംഭരണാധികാരങ്ങൾ ഊരുക്കൂട്ടങ്ങൾ നിർവ്വഹിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നു. വനാവകാശ നിയമ പ്രകാരമുള്ള അധികാരം എങ്ങനെ വിനിയോഗിക്കുന്നുവെന്നും വനസംരക്ഷണത്തിന് അത് എങ്ങനെ സഹായകമാകുന്നുവെന്നും വിശദമാക്കുന്നു മലക്കപ്പാറ ഊരുക്കൂട്ടം സെക്രട്ടറി

**സെന്തിൽ / ഷഫീക്ക് താമരശ്ശേരി**

**വ്യക്തിപരമായ അവകാശങ്ങൾക്കപ്പുറമുള്ള വനാവകാശ നിയമത്തിന്റെ സാധ്യതകളെ പൊതുസമൂഹത്തിന് മുന്നിൽ തുറന്നുകാണിക്കുന്നതിന് നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. എങ്ങനെയാണ് വനാവകാശ നിയമവും സാമൂഹിക വനാവകാശവും സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിലേക്ക് എത്തിയത്?**

പരമ്പരാഗതമായി വലിയ തോതിൽ കൃഷി ചെയ്യാത്ത വിഭാഗമാണ് ഞങ്ങൾ കാടർ ആദിവാസികൾ. അതുകൊണ്ടുതന്നെ വ്യക്തിഗതമായ ഭൂമി ഞങ്ങൾക്ക് വളരെ കുറവാണുള്ളത്. പെരുമ്പാറ ഗിരിജൻ കോളനിയിലാണ് ഞാൻ താമസിക്കുന്നത്. അവിടെ 67 കുടുംബങ്ങൾക്ക് ആകെ 6.3 ഹെക്ടർ ഭൂമി മാത്രമാണ് സ്വന്തം പേരിലുള്ളത്. എന്നാൽ പരമ്പരാഗതമായി തന്നെ വനമേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് വനാവകാശ നിയമത്തെക്കുറിച്ച് അറിഞ്ഞപ്പോൾത്തന്നെ വ്യക്തിപരമായ അവകാശം എന്നതിനേക്കാൾ വനമേഖലയുടെ മേൽ ഊരിന് ലഭിക്കുന്ന അവകാശത്തെക്കുറിച്ച് അറിയാനാണ് ഞങ്ങൾ കൂടുതൽ താത്പര്യമെടുത്തത്. വനവിഭവങ്ങളെ ആശ്ര

യിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗമായതിനാൽ വിഭവങ്ങളുടെ മേലുള്ള അവകാശം ഞങ്ങൾക്ക് പ്രധാനമായിരുന്നു. കാട്ടിൽ നിന്നും വനവിഭവങ്ങൾ ശേഖരിച്ചും പുഴയിൽ നിന്നും മീൻ പിടിച്ചുമാണ് ഞങ്ങളിൽ അധികം പേരും ഇപ്പോഴും ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിഭവങ്ങൾ യഥേഷ്ടം ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അധികാരം കിട്ടിയത് ഞങ്ങളെ സംബന്ധിച്ച് വലിയ കാര്യമാണ്. തലമുറകളായി ഞങ്ങൾ കാട്ടിനുള്ളിൽ നിന്നും തേൻ, തെള്ളി, ഏലം, ചീവയ്ക്ക, മഞ്ഞക്കൂവ എന്നിവ ശേഖരിക്കുകയും മീൻ പിടിക്കുകയും ചെയ്യുന്നുണ്ട്. വനാവകാശ നിയമം വന്നതോടെ അതിനെല്ലാം നിയമപരമായ പരിരക്ഷ കിട്ടിയിരിക്കുന്നു. ഞങ്ങളുടെ ഊരുക്കൂട്ടത്തിനാണ് ഇപ്പോൾ ഈ വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം. പല കാരണങ്ങളാൽ പരമ്പരാഗതമായി താമസിച്ചിരുന്ന മേഖലകളിൽ നിന്നും ഞങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കയ്യേറ്റക്കാർ ഭൂമി തട്ടിയെടുത്തതും ഡാമുകൾ വന്നതുമെല്ലാം കാരണമായിട്ടുണ്ട്. ഞങ്ങളുടെ ഈ കോളനിക്കാർ തന്നെ ഷോളയാർ ഡാമിനടുത്തുള്ള ചണ്ടൻതോട് എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. ഷോളയാർ അണക്കെട്ട് വന്നതോടെയാണ് 70 കളിൽ ഞങ്ങളെ ഇവിടെ മലക്കപ്പാറയിൽ പറിച്ചുനട്ടത്. വനാവകാശ നിയമപ്രകാരമുള്ള രേഖകൾ കിട്ടിയതോടെ ഇനിയൊരിക്കലും ഞങ്ങളുടെ അനുമതിയില്ലാതെ കുടിയൊഴിപ്പിക്കൽ നടക്കില്ല. വനാവകാശ നിയമപ്രകാരമുള്ള എല്ലാ നടപടികളും ഞങ്ങളുടെ ഊരിൽ പൂർത്തിയായിരിക്കുകയാണ്. ഊരുക്കൂട്ടത്തിന് ഇപ്പോൾ സ്വന്തമായി സീലും, ലെറ്റർപാഡും, അക്കൗണ്ടുമുണ്ട്.



"മീൻപിടുത്തമാണ് കാടരുടെ പരമ്പരാഗതമായ ഒരു ഉപജീവനമാർഗ്ഗം." പുഴയിൽ നിന്നും പിടിച്ച മീനുമായി സെന്തിൽ.

**ശേഖരിക്കുന്ന വനവിഭവങ്ങൾ നിങ്ങൾ എന്താണ് ചെയ്യാറുണ്ടായിരുന്നത്? വിഭവങ്ങളുടെ മേൽ പൂർണ്ണമായ അവകാശം കിട്ടിയതോടെ എന്തെല്ലാം മാറ്റങ്ങളാണ് വന്നിട്ടുള്ളത്?**

ഞങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ എടുക്കുന്നതിനായി പട്ടികവർഗ്ഗ സൊസൈറ്റി നിലവിലുണ്ടായിരുന്നു. ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം എന്ന പേരിലുള്ള സൊസൈറ്റി ആദിവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ചതാണ്. വാഴച്ചാൽ മുതൽ മലക്കപ്പാറ വരെയുള്ള 13 കോളനികളുടെയും ചുമതല സൊസൈറ്റിക്കായിരുന്നു. എഴുപതുകളിലാണ് സൊസൈറ്റിയും രൂപീകൃതമാകുന്നത്. അതിന് മുമ്പ് മാറ്റക്കട എന്ന സമ്പ്രദായത്തിലൂടെയായിരുന്നു ഞങ്ങൾ സാധനങ്ങൾ കൊടുത്തിരുന്നത്. ഞങ്ങൾ ശേഖരിക്കുന്ന മലഞ്ചരക്കുകൾ കച്ചവടക്കാർക്ക് കൊടുക്കുകയും അവർ അരി പോലെയുള്ള അവശ്യ സാധനങ്ങൾ പകരം തരുകയും ചെയ്യുന്നതായിരുന്നു മാറ്റക്കട സമ്പ്രദായം. മലഞ്ചരക്കുകളുടെ വിലയെക്കുറിച്ചൊന്നും അന്ന് ഞങ്ങൾക്ക് ധാരണയുണ്ടായിരുന്നില്ല. സൊസൈറ്റി വന്നതോടെ മലഞ്ചരക്കുകൾ ഞങ്ങൾ അവിടെ കൊടുക്കാൻ തുടങ്ങി. അതോടെയാണ് പണം കിട്ടിത്തുടങ്ങുന്നത്. പിന്നെ ബോണസും കിട്ടും. സൊസൈറ്റിയിൽ ബോർഡ് മെമ്പർമാരായി ആദിവാസികളുണ്ടെങ്കിലും കൂടുതലും പുറത്ത് നിന്നുള്ളവരാണുള്ളത്. അവരുടെ ശമ്പളവും സംവിധാനങ്ങളുമൊക്കെ സംരക്ഷിക്കുന്നതിനാണ് കൂടുതൽ പണവും ചിലവഴിക്കുന്നത്. സൊസൈറ്റിയുടെ സെക്രട്ടറിയാണ് കാര്യങ്ങളൊക്കെ നിയന്ത്രിച്ചിരുന്നത്. സർക്കാർ ഉദ്യോഗസ്ഥനാണ് സെക്രട്ടറി. ആദിവാസികളോട് പ

രിഗണനയുള്ളവർ സെക്രട്ടറി സ്ഥാനത്ത് വന്നാൽ എന്തെങ്കിലും ഗുണമുണ്ടാകും. അല്ലെങ്കിൽ സൊസൈറ്റികൊണ്ടും ആദിവാസികൾക്ക് ഗുണമുണ്ടാകില്ല. ബോർഡിലുള്ള ട്രൈബൽ മെമ്പർ നന്നായി കാര്യങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ ഉദ്യോഗസ്ഥർ മുതലെടുക്കാറുണ്ട്. വനസംരക്ഷണ സമിതി വന്നതോടെയാണ് കുറച്ച് മാറ്റമുണ്ടായത്. നേരിട്ട് തേൻ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിക്ക് കൊടുത്തുതുടങ്ങിയതോടെയാണ് ഇതിന്റെ യഥാർത്ഥ വില ഞങ്ങൾക്ക് കിട്ടിത്തുടങ്ങിയത്. സൊസൈറ്റി പലപ്പോഴും ശരിയായ തുകയല്ല തന്നിരുന്നതെന്ന് അപ്പോഴാണ് മനസ്സിലായത്. വനാവകാശ നിയമം വന്നതോടെ സൊസൈറ്റിയുടെ ആവശ്യമില്ല. ഞങ്ങൾക്ക് ഇപ്പോൾ വനവിഭവങ്ങൾ നേരിട്ട് മാർക്കറ്റിൽ വിൽക്കുന്നതിനുള്ള അവകാശമുണ്ട്. ഇടനിലക്കാരുടെ ചൂഷണം അങ്ങനെ ഒഴിവാക്കാം. എന്തെങ്കിലും തരത്തിലുള്ള സംവിധാനങ്ങൾ അതിന് ആവശ്യമാണെങ്കിൽ ഊരുക്കൂട്ടത്തിന് തീരുമാനമെടുത്ത് അത് നടപ്പിലാക്കാം.

മീനിന്റെ കാര്യത്തിൽ ഞങ്ങൾ അത് ചെയ്ത് തുടങ്ങിയിട്ടുണ്ട്. വാഴച്ചാൽ മേഖലയിലുള്ള എല്ലാ ആദിവാസികളും പിടിച്ച മീൻ വിൽക്കുന്നതിനായി മലക്കപ്പാറയിൽ ഇപ്പോൾ ഞങ്ങൾ ഒരു മുറിയുണ്ടാക്കിയിട്ടുണ്ട്. രാവിലെ എല്ലാ മീനും ഇവിടെയെത്തും. ഞങ്ങൾ തന്നെ നേരിട്ട് ഇവിടെ വച്ച് വിൽപ്പന നടത്തും. ഇക്കാര്യങ്ങൾ നോക്കിനടത്തുന്നതിനായി ഊരുക്കൂട്ടം തന്നെ ഒരു കമ്മറ്റിയുണ്ടാക്കിയിട്ടുണ്ട്. ബില്ലുമുണ്ട്. വനസംരക്ഷണ സമതിയുടെയും (വി.എസ്.എസ്) സഹായം ഇക്കാര്യത്തിൽ തേടാം. അത്തരം ചില കാര്യങ്ങൾ ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. അതെല്ലാം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ഒരു ഊരുക്കൂട്ടത്തെ ശക്തിപ്പെടുത്തുന്നതിനാണ് ഇപ്പോൾ ഞങ്ങൾ ശ്രമിക്കുന്നത്. വനാവകാശ നിയമം വന്നതോടെ പഞ്ചായത്തിനെ പോലെതന്നെ ഭരണപരമായ അധികാരമുള്ള ഒന്നായി ഊരുക്കൂട്ടം മാറിയിരിക്കുകയാണ്. ആ അധികാരം ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയണം.

> ഓരോ ഊരിന്റെ പൊതുഭൂമിക്കും അവരുടേതായ അതിരുകളുണ്ട്. ഞങ്ങൾ പെരുമ്പാറ കാടർ കോളനിക്കാരുടെ ഊര്ഭൂമി വടക്ക് തോട്ടപ്പുര മുതൽ തെക്ക് ഇടമലയാർ റിസർവ്വ് വരെയും കിഴക്ക് മലക്കപ്പാറ മുതൽ പടിഞ്ഞാറ് കരിമലഗോപുരം വരെയും വരും. ആ മേഖലയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അവകാശം ഇപ്പോൾ ഞങ്ങളുടെ ഊരിനാണ്.

**സാമൂഹിക വനാവകാശ പ്രകാരം നിങ്ങൾക്ക് എത്രത്തോളം സ്ഥലത്ത് അവകാശം ലഭിച്ചിട്ടുണ്ട്? ഊരിന്റെ പൊതുഭൂമികൾ എവിടെയെല്ലാമാണ്?**

സാമൂഹിക വനാവകാശം ലഭിക്കണമെങ്കിൽ പരമ്പരാഗതമായി ഉപയോഗിക്കുന്ന സാമൂഹിക വനവിഭവ മേഖലയുടെ ഭൂപടം തയ്യാറാക്കണം. ഊരുക്കൂട്ടമാണ് ഭൂപടം തയ്യാറാക്കുന്നതിനുള്ള കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്. അവർ തയ്യാറാക്കുന്ന ഭൂപടം ഊരുക്കൂട്ടങ്ങൾ അംഗീകരിക്കുകയും വേണം. ശേഖരിക്കുന്ന വനവിഭവങ്ങളും അവ അതിനായി ഉപയോഗിക്കുന്ന മേഖലകളും ചേരുന്നതാണ് സാമൂഹിക വനവിഭവ മേഖല. ഞങ്ങൾക്ക് ആ പ്രവർത്തനം നല്ലരീതിയിൽ നടത്താൻ കഴിഞ്ഞു. ഹോൺബിൽ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ സഹായവും ഭൂപടം തയ്യാറാക്കുന്നതിൽ ലഭിച്ചു. ജി.പി.എസ് ഉൾപ്പെടെയുള്ള സംവിധാനത്തിന്റെ സഹായത്തോടെയാണ് ഭൂപടം തയ്യാറാക്കിയത്. കൂടാതെ ഞങ്ങളുടെ ആളുകളുടെ പരമ്പരാഗത അറിവുകൾക്കനുസരിച്ചും സ്ഥലങ്ങൾ അടയാളപ്പെടുത്തി. പരമ്പരാഗതമായി അവർ വനവിഭവങ്ങൾ ശേഖരിക്കാൻ പോകുന്ന സ്ഥലങ്ങളും മീൻ പിടിക്കാൻ പോകുന്ന സ്ഥലങ്ങളും സാമൂഹിക വനവിഭവ മേഖലയിൽ ഉൾപ്പെടുത്തി. അങ്ങനെ തയ്യാറാക്കിയ ഭൂപടം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ച് ഞങ്ങൾക്ക് സാമൂഹിക വനാവകാശം ലഭിച്ചിട്ടുണ്ട്.

വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ വരുന്ന മലക്കപ്പാറ ചെക്പോസ്റ്റ് മുതൽ അതിരപ്പിള്ളിക്ക് താഴെ കണ്ണൻകുഴി തോട് വരെ വരുന്ന മേഖല ഞങ്ങൾ ഒമ്പത് ഊരുകളുടെ സാമൂഹിക വനവിഭവ മേഖലയായി മാറി. കാടർ ആദിവാസി ഊരുകളായ വാഴച്ചാൽ, പൊകലപ്പാറ, പെരിങ്ങൽക്കുത്ത്, മുക്കംപുഴ, വാച്ചുമരം, ആനക്കയം, ഷോളയാർ, പെരുമ്പാറ തുടങ്ങിയവയും മലയ ആദിവാസി ഊരുകളായ വാച്ചുമരം (കനാലിന് അക്കരെ), തവളക്കുഴിപ്പാറ എന്നിവയുടെയും പൊതു


വനവിഭവ മേഖലയാണിത്. ഞങ്ങൾ കാടർ ആദിവാസി സെറ്റിൽമെന്റുകളെല്ലാം ഒരുമിച്ച് ചേർന്ന് തീരുമാനമെടുത്ത് അംഗീകരിച്ച ശേഷമാണ് സാമൂഹിക വനവിഭവ മേഖലയുടെ ഭൂപടം അന്തിമമായി തീരുമാനിച്ചത്. ഓരോ ഊരിന്റെ പൊതുഭൂമിക്കും അവരുടേതായ അതിരുകളുണ്ട്. ഞങ്ങൾ പെരുമ്പാറ കാടർ കോളനിക്കാരുടെ ഊർഭൂമി വടക്ക് തോട്ടപ്പുര മുതൽ തെക്ക് ഇടമലയാർ റിസർവ്വ് വരെയും കിഴക്ക് മലക്കപ്പാറ മുതൽ പടിഞ്ഞാറ് കരിമലഗോപുരം വരെയും വരും. ആ മേഖലയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അവകാശം ഇപ്പോൾ ഞങ്ങളുടെ ഊരിനാണ്. കാടും വിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള അവകാശമാണിത്. വന്യജീവികളെ വേട്ടയാടുന്നതിനൊന്നും നിയമം അനുവദിക്കുന്നില്ല. ഇനി സാമൂഹിക വനവിഭ മേഖലയിൽ എന്ത് പദ്ധതി വരണമെങ്കിലും ഞങ്ങളുടെ ഊരുക്കൂട്ടത്തിന്റെ അനുമതി വേണ്ടിവരും.

**വനംവകുപ്പിന്റെ ഭരണത്തിൽ മാത്രമായിരുന്നല്ലോ ഇത്രയും കാലവും ഈ പ്രദേശങ്ങൾ. ഇപ്പോൾ നിങ്ങളുടെ ഊരുകൾക്ക് കൂടി ഈ മേഖലയിൽ അധികാരം ലഭിച്ചിരിക്കുന്നു. ആദിവാസി ഊരുകൾക്ക് അവരുടെ പരമ്പരാഗത വനമേഖലയിൽ ലഭിച്ചിരിക്കുന്ന ഈ അവകാശത്തെ വനം വകുപ്പ് എങ്ങനെയാണ് കാണുന്നത്?**

വനാവകാശ നിയമ പ്രകാരം ആദിവാസികൾ പരമ്പരാഗതമായി അധിവസിക്കുന്ന വനമേഖലയിൽ ഞങ്ങൾക്കും ഭരണപരമായ മേൽനോട്ടം ലഭിച്ചിരിക്കുകയാണ്. വനം വകുപ്പിന്റെ അധികാരങ്ങൾ നഷ്ടമായി എന്നല്ല അതിനർത്ഥം. വനനിയമങ്ങളെല്ലാം ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ആ നിയമങ്ങൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്തം വനം വകുപ്പിനാണ്. വനം സംരക്ഷിക്കുന്നതിന് വനം വകുപ്പിനുള്ള അതേ അധികാരം ഊരുക്കൂട്ടങ്ങൾക്കും ഇപ്പോളുണ്ട്. വനാവകാശ നിയമ പ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ ലഭിച്ച മേഖലയിൽ ഞങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ഭരണം നടത്തുന്നതിനാണ് വനം വകുപ്പ് ശ്രമിക്കേണ്ടത്. എന്നാൽ വനംവകുപ്പ് ഇപ്പോഴും ഞങ്ങൾക്കും അവകാശമുണ്ട് എന്നത് അംഗീകരിക്കാൻ തയ്യാറായിട്ടില്ല. പല ഉദ്യോഗസ്ഥർക്കും വനാവകാശ നിയമത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല. വനം വകുപ്പിനും ട്രൈബൽ വകുപ്പിനും വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ തുല്യ ഉത്തരവാദിത്തമാണുള്ളത്. പക്ഷെ വനം വകുപ്പ് ആ ഉത്തരവാദിത്തത്തിൽ നിന്നും പിന്മാറിയിരിക്കുന്നു. പിന്നെങ്ങനെയാണ് ഞങ്ങളുടെ ഊരുകളുടെ പങ്കാളിത്തത്തോട് കൂടി ഭരണം നടത്താൻ അവർ തയ്യാറാകുന്നത്. വനാവകാശ നിയമവുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലനിൽക്കുന്ന പ്രധാന പ്രശ്നം അതാണ്. ഞങ്ങളുടെ സാമൂഹിക വനവിഭവ മേഖലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ ഊരുക്കൂട്ടത്തിന്റെ അനുമതി വേണമെന്നാണ് നിയമം പറയുന്നത്. അത്രയ്ക്കും സുപ്രധാനമായ അധികാരമാണ് ഊരുക്കൂട്ടത്തിനുള്ളത്. ഊരുകൾക്ക് അനുവദിച്ചുകിട്ടിയ സാമൂഹിക വനവിഭവ മേഖലയുടെ സംരക്ഷണം എങ്ങനെ വേണമെന്നുള്ള ഒരു പ്ലാൻ ഊരുക്കൂട്ടം തെരഞ്ഞെടുക്കുന്ന കമ്മിറ്റി തയ്യാറാക്കുകയും അത് വനം വകുപ്പിന്റെ പ്രവർത്തന പദ്ധതിയുമായി കൂട്ടിച്ചേർക്കുകയും വേണമെന്ന് നിയമം പറയുന്നുണ്ട്. ഞങ്ങളുടെ ഊരുക്കൂട്ടം ഒരു സാമൂഹിക വനവിഭവ മേഖല കമ്മിറ്റിയുണ്ടാക്കി അത്തരത്തിലുള്ള ഒരു പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വനം വകുപ്പിന്റെ സഹായം ലഭിക്കേണ്ട ഒരു ഘട്ടമാണിത്. എന്നിട്ടുപോലും അത് കിട്ടുന്നില്ല. ആദിവാസികൾ സ്വയം പഠിച്ച് നിയമം നടപ്പിലാക്കേണ്ട സ്ഥിതിയാണുള്ളത്. നിയമം നടപ്പിലാക്കാൻ ഉത്തരവാദിത്തപ്പെട്ട വകുപ്പുകളൊന്നും അതിന് ശ്രമിക്കുന്നതേയില്ല. വനാവകാശ നിയമം നടപ്പിലാക്കുന്നത് വനം വകുപ്പിനും വലിയ ഉപകാരമാണ്. വന സംരക്ഷണ പ്രവർത്തനത്തിന് ആദിവാസി ഊരുകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ അതുവഴി സാധിക്കും. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സ്റ്റാഫില്ല എന്ന് വനം വകുപ്പ് പരാതി പറയാറുണ്ട്. എന്നിട്ടും ഞങ്ങളുടെ സഹായം തേടാൻ അവർ തയ്യാറല്ല.

**വനാവകാശ നിയമം വന്നതിന് ശേഷം നിങ്ങൾക്ക് ലഭിച്ച അവകാശങ്ങൾ അനുഭവിക്കുന്നത് എന്തെങ്കിലും തടസ്സം നേരിട്ടിരുന്നോ?**

വനം വകുപ്പ് ഇനിയും നിയമം മനസ്സിലാക്കാത്തതിന്റെ പ്രശ്നങ്ങളുണ്ട്. സൊസൈറ്റിയുടെ കൈവശമുണ്ടായിരുന്ന ഭൂമിയിലെ ഏലം ഇപ്പോൾ ഞങ്ങളുടെ ഊരിന്റെ പൊതുഭൂമിയിലാണ്. അവിടെ നിന്നുള്ള ഏലം ഞങ്ങളാണ് ഇപ്പോൾ എടുത്ത് വിൽക്കുന്നത്. ഏലം ഉണക്കുന്നതിനായി തീ കൂട്ടുന്നതിനുള്ള ഉണങ്ങിയ വിറക് ഞങ്ങൾ വനത്തിനുള്ളിൽ നിന്നാണ് ശേഖരിച്ചിരുന്നത്. എന്നാൽ വനത്തിൽ നിന്നും വിറകെടുക്കാനുള്ള അനുമതി



സാമൂഹിക വനാവകാശം നിയമം ലഭിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കാടർ ഊരുക്കൂട്ടം തയ്യാറാക്കിയ സാമൂഹിക വനവിഭവ മേഖലയുടെ ഭൂപടം.

വനം വകുപ്പ് ഒരിക്കൽ നിഷേധിച്ചു. വനാവകാശ നിയമപ്രകാരം അനുവദിച്ചുകിട്ടിയ പൊതുവനവിഭവ മേഖലയിൽ നിന്നും വിറക് ശേഖരിക്കുന്നതിനുള്ള അവകാശമുണ്ടെന്ന് ഞങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയ ശേഷമാണ് അവർ പിന്നീട് അനുമതി നൽകിയത്. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കണമെങ്കിൽ നിയമത്തെക്കുറിച്ച് വനം വകുപ്പ് ഇനിയും പഠിക്കാൻ ശ്രമിക്കണം. ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള പരിപാടിയായി അവർ ഇപ്പോഴും നിയമത്തെ കാണുന്നു എന്നത് ദുഃഖകരമാണ്. ട്രൈബൽ വകുപ്പിനും അറിവില്ലായ്മയുണ്ട്. വ്യക്തിഗത അവകാശങ്ങളും സാമൂഹിക അവകാശങ്ങളും നിർണ്ണയിക്കുന്നതിനുള്ള കമ്മിറ്റികളെ ഊരുക്കൂട്ടം തെരഞ്ഞെടുക്കണമെന്നാണ് നിയമം പറയുന്നത്. എന്നാൽ ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഊരിൽ നിന്നും കുറച്ചുപേരെ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കുകയായിരുന്നു. അത് ശരിയായ രീതിയല്ല. നിയമപ്രകാരം ഗ്രാമസഭയ്ക്ക് ലഭിച്ച അവകാശങ്ങൾ ഇല്ലാതാക്കുന്ന നടപടിയായിരുന്നു അത്. നിയമത്തെക്കുറിച്ച് മനസ്സിലാക്കിയ ഉടൻ ഞങ്ങൾ അത്തരം കമ്മിറ്റികൾ പിരിച്ചുവിടുകയും ഊരുക്കൂട്ടം വിളിച്ചുചേർത്ത് ജനാധിപത്യപരമായി കമ്മിറ്റി തെരഞ്ഞെടുക്കുകയും ചെയ്തു. ഉദ്യോഗസ്ഥർ ഗ്രാമസഭയുടെ മേൽ ഭരണം നടത്തരുത് എന്നതാണ് വനാവകാശ നിയമം പ്രധാനമായും പറയുന്ന കാര്യം. അതുപോലും ലംഘിക്കപ്പെടുന്നു.

**സാമൂഹിക വനാവകാശം ലഭിച്ചതോടെ എന്തെല്ലാം അധികാരങ്ങൾ കിട്ടിയതായാണ് നിങ്ങൾക്ക് അനുഭവപ്പെടുന്നത്?**

ഊരുക്കൂട്ടത്തിന്റെ അനുമതിയില്ലാതെ ഊരിന്റെ അവകാശ പരിധിയിൽ വരുന്ന ഭൂമി സർക്കാറിന് ഏറ്റെടുക്കാൻ കഴിയില്ല എന്നതുതന്നെയാണ് പ്രധാന അധികാരം. മലഞ്ചരക്കുകൾ നേരിട്ട് വിൽക്കുന്നതിനുള്ള അധികാരം ലഭിച്ചതും ഗുണമായി. മുമ്പ് ട്രൈബൽ സൊസൈറ്റിക്കാണ് മലഞ്ചരക്കുകൾ കൊടുത്തിരുന്നത്. സൊസൈറ്റിക്ക് കൊടുക്കുമ്പോൾ ശരിയായ തുക ഞങ്ങൾക്ക് കിട്ടാറില്ല. വനാവകാശ നിയമം വന്നതോടെ സൊസൈറ്റി മലഞ്ചരക്കുകൾ ശേഖരിക്കുന്ന രീതി നിന്നു. എന്നാലും സൊസൈറ്റി പോലെയുള്ള ഒരു സംവിധാനം ഊരുക്കൂട്ടത്തിന്റെ മുൻകൈയിൽ നിലനിർത്തണമെന്നുണ്ട്. അതിരപ്പിള്ളി പദ്ധതി ഇനി വരണമെങ്കിൽ ഞങ്ങളുടെ ഊരുക്കൂട്ട

ത്തിന്റെ അനുമതി വേണമെന്നത് പ്രധാനകാര്യമാണ്. ആദിവാസി സമൂഹത്തെ കുടിയിറക്കുന്ന അത്തരം പദ്ധതികളെയെല്ലാം തടയാൻ കഴിയും. ഷോളയാർ ഡാമിൽ നിന്നും ഇടമലയാർ ഡാമിലേക്ക് കെ.എസ്.ഇ.ബി ഒരു കനാൽ നിർമ്മിക്കുന്നുണ്ട്. വനാവകാശ നിയമം വരുന്നതിന് മുമ്പ് അതിന് അനുമതി കിട്ടിയിരുന്നു. വേഴാമ്പൽ കൂടുകൂട്ടുന്ന മരങ്ങളുള്ള പ്രദേശമാണത്. സമ്പന്നമായ മഴക്കാടായിരുന്നിട്ടും മരം മുറിച്ച് കനാൽ നിർമ്മിക്കുന്നതിന് വനം വകുപ്പ് അനുമതിയും കൊടുത്തു. വനാവകാശ നിയമ പ്രകാരമുള്ള സാമൂഹിക അവകാശം കിട്ടിയ ഊരുഭൂമിയിലാണ് ഇപ്പോൾ ആ പ്രദേശം. വനാവകാശ നിയമ പ്രകാരമുള്ള അധികാരം ഉപയോഗിച്ച് പദ്ധതി തടയുമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഷോളയാർ കോളനിയിലുള്ള ആദിവാസികളെ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കാൻ നീക്കമുണ്ട്. അത് ഞങ്ങൾ അനുവദിക്കില്ല. അവിടെ നിന്നും ഒഴിയേണ്ടതില്ലെന്ന് ഷോളയാർ ഊരുക്കൂട്ടം തീരുമാനമെടുത്തിട്ടുണ്ട്. അതു പ്രകാരം ഉദ്യോഗസ്ഥർക്ക് പരാതിയും നൽകിയിട്ടുണ്ട്.

**ഊരുക്കൂട്ടത്തിന്റെ അധികാരം വിനിയോഗിക്കാൻ കഴിഞ്ഞതിന്റെ എന്തെങ്കിലും ഉദാഹരണങ്ങൾ പങ്കുവയ്ക്കാമോ?**

പറയാം. മത്സ്യബന്ധന മേഖലയിലാണ് ഫലപ്രദമായ ഒരു ഇടപെടൽ ഞങ്ങൾക്ക് നടത്താൻ കഴിഞ്ഞത്. നേരത്തെ പറഞ്ഞല്ലോ, മീൻപിടുത്തമാണ് കാടരുടെ പരമ്പരാഗതമായ ഒരു ഉപജീവനമാർഗ്ഗം. ചാലക്കുടിപ്പുഴയുടെ തീരങ്ങളിലാണ് വർഷങ്ങളായി ഞങ്ങൾ ജീവിക്കുന്നത്. ഈ പുഴയിൽ മീൻ ധാരാളം ലഭിക്കുന്നതുകൊണ്ട് ഒരു പഞ്ഞവുമുണ്ടായിട്ടില്ല. അങ്ങനെയിരിക്കെ ഒരു പത്ത് വർഷം മുമ്പ് മീനിന്റെ കാര്യത്തിൽ വലിയ കുറവുണ്ടായി. പുറത്ത് നിന്നുള്ളവർ ഇവിടെ വന്ന് തോട്ടപൊട്ടിച്ച് വലിയ തോതിൽ മീൻ പിടിക്കാൻ തുടങ്ങിയതോടെയാണ് മീൻ കുറഞ്ഞത്. പൂവാലിപരൽ പോലുള്ള പല മീനുകളെയും കാണാതായി. രാത്രിയിൽ തോട്ടപൊട്ടുന്ന ഒച്ച ഞങ്ങൾ പതിവായി കേൾക്കാറുണ്ടായിരുന്നു. വനം വകുപ്പ് ഉദ്യോഗസ്ഥരോട് പലതവണ പരാതിപറഞ്ഞിട്ടും നടപടികളൊന്നുമുണ്ടായിട്ടില്ല. വനസംരക്ഷണ സമിതി വഴി പുറത്ത് നിന്നുള്ളവർ പുഴയിൽ വച്ചിരുന്ന വലിയ വലകളൊക്കെ ഞങ്ങൾ എടുത്തുമാറ്റിയിരുന്നു. എന്നാൽ വനാവകാശ നിയമപ്രകാരം അധികാരം കിട്ടിയതോടെയാണ് ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞത്.



സെന്തിൽ

പുറത്ത് നിന്നുള്ളവർ ഞങ്ങളുടെ സ്ഥലത്ത് ഒരു രീതിയിലും മീൻ പിടിക്കാൻ പാടില്ല എന്ന ഒരു പ്രമേയം ഊരുക്കൂട്ടം പാസാക്കി. അത് പോലീസ് സ്റ്റേഷനിൽ കൊടുക്കുകയും ഊരുക്കൂട്ടത്തിന്റെ തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ പിടിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നിയമപരമായ അധികാരത്തോടെ തന്നെ ആവശ്യപ്പെട്ടപ്പോൾ പോലീസ് സഹകരിക്കുകയും ചെയ്തു. തോട്ടപൊട്ടിക്കലും വലയിടലുമെല്ലാം ഇപ്പോൾ നിന്നു. മീനിന്റെ കാര്യത്തിൽ പുരോഗതിയുണ്ടായിട്ടുമുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി മറ്റൊരു തീരുമാനവും ഊരുക്കൂട്ടം കൂടി ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ട്രോളിംഗ് നിരോധനം പോലെ മത്സ്യങ്ങൾ പ്രജനനം നടത്തുന്ന ജൂൺ മാസത്തിൽ ഞങ്ങളുടെ ഊരിന്റെ സാമൂഹിക വനമേഖലയിൽ ഞങ്ങൾ മീൻ പിടുത്തം നിരോധിച്ചു. തീരുമാനം ഊരിന്റെ മിനുട്ട്സിൽ രേഖപ്പെടുത്തി. ഞങ്ങളുടെ ആളുകളുടെ നല്ല സഹകരണമുണ്ടായി. മീൻ കുറഞ്ഞാലുണ്ടാകുന്ന ദോഷം അവർക്ക് നന്നായറിയാം. എന്നാലും കുറച്ചുപേർ മീൻ പിടിക്കാൻ അനുവദിക്കുന്നില്ല എന്നു പറഞ്ഞ് ഡി.എഫ്.ഒയ്ക്ക് പരാതി നൽകുകയുണ്ടായി. നിങ്ങളുടെ ഊരുക്കൂട്ടത്തിന്റെ തീരുമാനമാണത്, എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവിടെ തന്നെ പരിഹരിക്കപ്പെടണം എന്നാണ് ഡി.എഫ്.ഒ മറുപടി നൽകിയത്. ഊരുക്കൂട്ടത്തിന്റെ അധി



മലക്കപ്പാറ ഊരിലെ കാടർ ആദിവാസി കുട്ടികൾ

കാരത്തിന് ലഭിച്ച ഒരു അംഗീകാരമായിരുന്നു അത്. ഇത്തവണ മൺസൂൺ കഴിഞ്ഞപ്പോൾ പുഴയിൽ നിറയെ മീനുണ്ടായിരുന്നു.

ആദിവാസികൾക്ക് വനാവകാശം നൽകിയാൽ അവർ കാട് വെട്ടിനശിപ്പിക്കുമെന്ന് പറയുന്നവർ ഇക്കാര്യങ്ങൾ കൂടി കാണേണ്ടതുണ്ട്. കാടും പുഴയുമെല്ലാം നിലനിൽക്കണമെന്ന ബോധം ഞങ്ങൾക്കിടയിൽ കൂടിക്കൂടി വരുന്നുണ്ട്. പണ്ട് പലരും കാട് നശിപ്പിക്കുന്ന തരത്തിലുള്ള പല പരിപാടികൾക്കും ഞങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലം മുതൽക്കേ തടിവെട്ടാനും വേട്ടയാടാനുമെല്ലാം കാടരെ കൂടെക്കൂട്ടിയിട്ടുണ്ട്. ഇന്ന് ഊരുകളിലുള്ളവർ അത്തരം ഇടപാടുകൾക്കൊന്നും കൂട്ടുനിൽക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

**അമിത മദ്യപാനത്തിന്റെ പ്രശ്നം ഇവിടെ രൂക്ഷമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. അത് കുറയ്ക്കാൻ കഴിയുന്നതരത്തിലുള്ള ഇടപെടലുകൾ ഊരുക്കൂട്ടത്തിന് നടത്താൻ കഴിയില്ലേ?**

മദ്യപാനം ഞങ്ങളുടെ ആളുകളെ ഒരുപാട് നശിപ്പിച്ചിട്ടുണ്ട്. പല പ്രവർത്തനങ്ങളിലൂടെയും മദ്യപാനം പരമാവധി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാടിന്റെ ബിവറേജസ് ഔട്ട്ലെറ്റ് ഏഴ് കിലോമീറ്റർ അപ്പുറമുണ്ട്. അവിടെ നിന്നാണ് മദ്യം കോളനികളിലേക്ക് വരുന്നത്. വ്യാജാരിഷ്ടം എന്നൊരു പരിപാടി നേരത്തെ മലക്കപ്പാറയിലുണ്ടായിരുന്നു. കോട കലക്കി അതിൽ പൊകല പിഴിഞ്ഞൊഴിക്കും. എന്നിട്ട് ഹരിതാരിഷ്ടം എന്ന പേരിൽ വിൽക്കും. ഒരുപാട് പേരെ രോഗികളാക്കിയ സാധനമാണത്. അത് പൂർണ്ണമായും നിർത്താൻ ഞങ്ങൾക്ക് കഴിഞ്ഞു. ഊരുക്കൂട്ടത്തിന്റെ തീരുമാനത്തോടെ വനാവകാശ നിയമപ്രകാരം മദ്യത്തിന്റെ കാര്യത്തിലും നിയന്ത്രണം കൊണ്ടുവരാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഞങ്ങൾ.

**സി.പി.എമ്മിന്റെ നേതൃത്വത്തിലുള്ള ആദിവാസി ക്ഷേമ സമിതിയുടെ (എ.കെ.എസ്) പ്രവർത്തകൻ കൂടിയാണല്ലോ താങ്കൾ. രാഷ്ട്രീയ പാർട്ടികളുടെ ആദിവാസി സംഘടനകൾ, പ്രത്യേകിച്ച് എ.കെ.എസ് വനാവകാശ നിയമത്തിന്റെ കാര്യത്തിൽ നിലപാടെടുത്തിട്ടുണ്ടോ?**

ഞാൻ എ.കെ.എസ്സിന്റെ ചാലക്കുടി ഏരിയ പ്രസിഡന്റാണ്. എ.കെ.എസ്സിന് വനാവകാശ നിയമത്തിന്റെ കാര്യത്തിൽ നിലപാടില്ല എന്നതാണ് ദുഃഖകരം. എ.കെ.എസ്സിന്റെ കഴിഞ്ഞ സംസ്ഥാന സമ്മേളനം കാസർഗോഡ് വച്ച് നടന്നപ്പോൾ ഞാനും പോയിരുന്നു. ആ സമ്മേളനത്തിൽ സാമൂഹിക വനാവകാശ നിയമം ഒരു ചർച്ചയായി വന്നതേയില്ല. പ്രത്യേകിച്ച് ഊരുക്കൂട്ടങ്ങൾക്ക് ലഭിക്കുന്ന സാമൂഹിക അവകാശത്തെക്കുറിച്ച് അവിടെ ആരും സംസാരിച്ചില്ല. വ്യക്തിഗതമായി ഭൂമി പതിച്ചുകിട്ടുന്നതിനുള്ള ഒരു നിയമമായി മാത്രമാണ് എ.കെ.എസ്സും വനാവകാശ നിയമത്തെ കാണുന്നത്. അതുപ്രകാരം അവർ പല സ്ഥലത്തും വനഭൂമിയിൽ അവകാശം ഉന്നയിക്കുകയും നിരവധി പേർക്ക് ഭൂമി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വയനാട്ടിലെല്ലാം എ.കെ.എസ്സ് ആ രീതിയിലാണ് സമരം ചെയ്യുന്നത്. അതിൽ തെറ്റുപറയാൻ പറ്റില്ല. വ്യക്തിഗതമായ അവകാശം ലഭിക്കുക എന്നത് പല സ്ഥലത്തും ആദിവാസികളെ സംബന്ധിച്ച് പ്രധാനമാണ്. എന്നാൽ ഊരുക്കൂട്ടത്തിനുള്ള സാമൂഹിക അവകാശങ്ങൾ ലഭിക്കുന്നതിനായി ശ്രമിക്കാവുന്ന ഒരുപാട് മേഖലകളുണ്ട്. ഊരുക്കൂട്ടത്തിന് അതിന്റെ പരമ്പരാഗത ഭൂമിയിൽ സാമൂഹിക അവകാശം ലഭിച്ചിരുന്നെങ്കിൽ കാറ്റാടി കമ്പനിയൊന്നും ആദിവാസികളുടെ ഭൂമി തട്ടിയെടുക്കില്ലായിരുന്നു. എ.കെ.എസ്സിന്റെ ഉള്ളിൽ അത്തരം ചർച്ചകൾ കൊണ്ടുവരാൻ ഞാൻ ശ്രമിക്കുന്നുണ്ട്.■